## പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1289

30.01.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ യജ്ഞം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്; വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നാലുതരം പ്രവർത്തനങ്ങൾ ഏകോപിതമായി നടത്തിവരുന്നു.<br>1. അക്കാദമിക മികവ് - മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ശ്രമത്തോടെ ജനകീയമായ അക്കാദമിക മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ കൈവരിക്കുന്ന-തിന് ഉതകുന്ന അദ്ധ്യാപക പരിശീലന പരിപാടികളും അദ്ധ്യാപകർക്ക് നൽകിവരുന്നു.<br>2. ഭൗതിക സൗകര്യ വികസനം - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനിക വൽക്കരിക്കുന്നതിന്റ ആദ്യപടിയായി കിഫ്ബി മുഖേനയുള്ള 5 കോടി രൂപയുടെ ധനസഹായത്തോടെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മൂന്ന് കോടിരൂപയുടെ ധനസഹായത്തോടെ 229 |

സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ 8 മുതൽ 12 വരെ ക്ലാസ്സുകളെ ഹൈടെക്ക് ആക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 139 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. സമൂഹത്തെ സജ്ജമാക്കൽ പ്രവർത്തനം - പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കാനും, ഗുണമേന്മാ വിദ്യാഭ്യാസത്തിൽ രക്ഷാകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണം എന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർത്തൃ വിദ്യാഭ്യാസം നടന്നുവരുന്നു.

4. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുന്ന പദ്ധതി 2018 ജനുവരി 22ന് ആരംഭിച്ചു. 2018 ജൂൺ ഒന്നിന് മുമ്പ് പ്രസ്തുത 45000 ക്ലാസ് മുറികളിലേക്കുള്ള ഐ.സി.റ്റി. ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ബി) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഏന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ |

അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കടുങ്ങാപ്പാറ ഗവ.എച്ച്.എസ്.എസിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കൂടാതെ മണ്ഡലത്തിലെ പാങ്ങ് ഗവ.യു.പി.എസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിലെ 21 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ സജ്ജമായ 379 ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ക്യാമ്പയിനുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി) വിവിധ പദ്ധതികളുടെ ഭാഗമായി സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ 'കൈറ്റ്' മുഖേനയാണ് നടത്താനുദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ